# ജനപ്രതിനിധികളും ജലസാക്ഷരതയും

ടി.എൻ.എൻ. ഭട്ടതിരിപ്പാട്

കേരളത്തിലെ കുടിവെള്ളക്കാര്യത്തിൽ വികസനം സ്തംഭിച്ചുനിൽക്കാൻ കാരണം ജനങ്ങൾക്കിടയിലും ജനപ്രതിനിധികൾക്കിടയിലും നടമാടുന്ന ജലസാക്ഷരതാ രാഹിത്യമാണ്. ഒരു പ്രത്യക്ഷോദാഹരണം ഇപ്പോഴത്തെ വരൾച്ചയുടെ അന്തരീക്ഷത്തിൽ ചൂണ്ടിക്കാണിക്കാൻ.

ഭാരതപ്പുഴയിൽ ഒരു ചെറിയ നീരൊഴുക്ക് നിലനിർത്താൻ മലമ്പുഴ അണക്കെട്ട് തുറക്കണമെന്ന മുറവിളി ജനപ്രതിനിധികളും മന്ത്രിമാരും പത്രദ്വാരാ പ്രസ്താവന രൂപേണ ഇറക്കുന്നത് തികച്ചും ജുഗുപ്സാവഹമാണ്. മലമ്പുഴ അണക്കെട്ടിനെ ആശ്രയിച്ചാണ് പാലക്കാട്ടെയും സമീപസ്ഥ പഞ്ചായത്തുകളിലെയും ജലവിതരണം. വറ്റിയ പുഴയിൽ നീരൊഴുക്കുണ്ടാക്കാൻ വളരെയധികം വെള്ളം ആവശ്യമാണ്. ഇതിനൊക്കെ ആവശ്യമായ മിച്ചജലം മലമ്പുഴയിൽ ഇല്ലതന്നെ. ആയതിനാൽ പുഴയിലെ നീരൊഴുക്ക് നിലനിർത്താൻ മലമ്പുഴ അണക്കെട്ട് തുറക്കുന്നത് രണ്ടുപ്രാവശ്യമെങ്കിലും ആലോചിച്ചുവേണം.

വരുന്ന പൊതുതെരഞ്ഞെടുപ്പിൽ ജനങ്ങൾ ജലസാക്ഷരത അൽപ്പമെങ്കിലും ഉള്ളവരെ വേണം തെരഞ്ഞെടുക്കേണ്ടത്. കഴിഞ്ഞ നിയമസഭയിലെ ജലസാക്ഷരതാ നിലവാരം വളരെ മോശമായിരുന്നു. അതും ഇപ്പോൾ കുടിവെള്ളക്ഷാമം മോശമാവാൻ കാരണമായി. ഇനിയെങ്കിലും ജനമുണർന്നില്ലെങ്കിൽ ഭാവി ഇരുളടഞ്ഞതാകും.

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്കോ നിയമസഭാ സാമാജികർക്കോ അവശ്യം വേണ്ടതായ ജലസാക്ഷരത തൊട്ടുതീണ്ടാത്തതാണ് പ്രധാനന്യൂനത. ജലസാക്ഷരതയില്ലാത്തവരോട് ജലമഹാത്മ്യമുപദേശിക്കുന്നത് പോത്തിന്റെ ചെകിട്ടിൽ വേദമോതുന്നതുപോലെയാണ്.

ഭാരതപ്പുഴ നദീതടത്തിൽനിന്നും ഏഴ് കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിരിക്കുന്നു. നാലോളം പദ്ധതികൾ ഉടനെത്തന്നെ ഭരണാനുമതിക്കായി സമർപ്പിക്കപ്പെട്ടു. ഈ പദ്ധതികളിലെല്ലാം തന്നെ വിശദമായ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ജല അതോറിറ്റിയുടെ അന്വേഷണാസൂത്രണവിഭാഗം തയ്യാറാക്കിയതാണ്.

ഈ സമഗ്ര കുടിവെള്ള പദ്ധതികൾക്ക് സാമ്പത്തികവിഹിതം കണ്ടെത്തുന്നത് ഏറെയും കേന്ദ്രസർക്കാരിന്റെ ത്വരിതഗതിയിലുള്ള ഗ്രാമീണജലവിതരണ പരിപാടി പ്രകാരമാണ്. ചിതിന് എൽ. ഐ. സി സഹായവും ലഭ്യമാണ്. എൽ. ഐ. സി സഹായം ലഭിച്ച ഒറ്റപ്പാലം, കരിമ്പുഴ, ചെറുതുരുത്തി പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഔപചാരികമായി ബന്ധപ്പെട്ട സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വകുപ്പുമന്ത്രി വി. പി. രാമകൃഷ്ണപ്പിള്ള ഉദ്ഘാടനം നിർവ്വഹിച്ചു. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അനാസ്ഥയും, താൽപ്പര്യക്കുറവും നിമിത്തം എ. ആർ. ഡബ്ല്യു. എസ്. പി പരിപാടി പ്രകാരമുള്ള ഏഴ് പദ്ധതികളുടെ പ്രവർത്തനം മന്ദഗതിയിലാണ്.

പട്ടാമ്പി പദ്ധതി, വാണിയംകുളം പദ്ധതി, കലുക്കല്ലൂർ-നെല്ലായ പദ്ധതി, തിരുവില്വാമല-കൊണ്ടാഴി പദ്ധതി, ശ്രീകൃഷ്ണപുരം സമഗ്രപദ്ധതി, കമരംപുത്തൂർ സമഗ്രപദ്ധതി, പറളി-മങ്കര സമഗ്രപദ്ധതി എന്നിവയാണവ.

പദ്ധതികൾക്ക് ഭരണാനുമതിയും സാമ്പത്തികവിഹിതവും ലഭിച്ചാലും ജല അതോറിറ്റിയെ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ പ്രേരിപ്പിക്കാതെ പ്രവർത്തനങ്ങൾ ആരംഭിക്കുകയില്ല. ബന്ധപ്പെട്ട പദ്ധതി പ്രദേശത്തെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തംഗങ്ങൾക്കോ നിയമസഭാ സാമാജികർക്കോ അവശ്യം വേണ്ടതായ ജല ആക്ഷര തൊട്ടുതീണ്ടാത്തതാണ് പ്രധാന ന്യൂനത. പറയുമ്പോൾ ഇക്കാര്യങ്ങൾ വാർത്താ മാധ്യമങ്ങൾ പുറത്തുകൊണ്ടുവരുന്നുണ്ടെങ്കിലും ജലസാക്ഷരതയില്ലാത്തവരോട് ജലമഹാത്മ്യമുപദേശിക്കുന്നത് പോത്തിന്റെ ചെകിട്ടിൽ വേദമുപദേശിക്കുന്നതുപോലെയാണ്.

ജനപ്രതിനിധികളോട് നേരിട്ടും ടേലിഫോണിലും കത്തുവഴിയും ബന്ധപ്പെടുന്ന വ്യക്തി എന്നനിലയിൽ അവരുടെ ഭാഗത്തുനിന്നുമുള്ള പ്രതികരണം തികച്ചും നിരാശാജനകമാണ്. മുഖ്യമന്ത്രി നായനാർ പാർലിമെന്റ് സമ്മേളനം ആരംഭിക്കുന്നതിനു മുമ്പായി എം. പിമാരുടെ സമ്മേളനം ഒരു പ്രഹസനം മാതിരി വിളിച്ചുചേർക്കാറുണ്ട്. ജലസാക്ഷരതയില്ലാത്തവരുടെ കൂട്ടത്തിൽ മുൻപന്തിയിൽ നിൽക്കുന്നത് എം. പിമാരും എം. എൽ. എമാരും അവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന മന്ത്രിമാരും ആണ്. അതുകൊണ്ട് കേന്ദ്ര എൽ. ഐ. സി സഹായം ഭാരതപ്പുഴ നദീതടത്തിൽ ഫലപ്രദമാകണമെങ്കിൽ പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങൾതന്നെ ജനങ്ങളോടൊപ്പം ഉണർന്നു പ്രവർത്തിക്കണം.